**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2321** **09-02-2023 - ൽ മറുപടിയ്ക്ക്**

**പൊന്നാനി നഗരസഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി നഗരസഭയിൽ ജീവനക്കാരുടെ കുറവ് മൂലം പദ്ധതികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള വർക്ക് സ്റ്റഡി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലെയും നിലവിലുള്ള തസ്തികകളെ സംബന്ധിച്ചും അവ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ചും നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ , നഗരകാര്യഡയറക്ടർ ശുപാർശചെയ്തതിന്റേയും വൈജ്ഞാനികഭരണനിർവ്വഹണം സംബന്ധിച്ച വകുപ്പ് തല സമിതിയുടെ ഇക്കാര്യത്തിലുള്ള ശുപാർശയുടെയും അടിസ്ഥാനത്തിൽ 22.12.2022 ലെ സ.ഉ (കൈ) 277/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നഗരസഭകളിൽ 354 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിരുന്നു. പ്രസ്തുത തസ്തികകൾ 13.01.2023 ലെ സ.ഉ (കൈ) നം.10/2023/തസ്വഭവ ഉത്തരവ് പ്രകാരം പൊന്നാനി നഗരസഭയ്ക്ക് ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II എന്നീ വിഭാഗങ്ങളിലായി ഓരോ തസ്തികകൾ വീതം അനുവദിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ